# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056      26.03.2013 ൽ മറുപടിക്ക്

## റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ട് നടപ്പിലാക്കാത്ത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | മുൻ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഇനിയും നടപ്പാക്കാത്തതുമായ പദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2013-14 ലെ റയിൽ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തെ റയിൽവെയുടെ വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വിശദമാക്കി കേന്ദ്ര സർക്കാരിനു സംസ്ഥാനസർക്കാർ സമർപ്പിച്ച സമാഹൃത നിവേദനത്തിന്റെ ഒന്നാം ഭാഗത്തിൽ 2004-2005 മുതൽ 2012-13 വരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ കേരളത്തിനായി പ്രഖ്യാപിച്ച കാര്യങ്ങളിൽ ഇനിയും നടപ്പിലാക്കാത്തവ നടപ്പിലാക്കണമെന്നും അവയുടെ 2013 ജനുവരി മാസത്തിലെ സ്ഥിതി ചൂണ്ടിക്കാണിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ടി ഭാഗം ഒന്നിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | പാലക്കാട്ടെ സ്ലീപ്പർ പ്ലാന്റ് (2005-2006) തിരുവനന്തപുരം ബോട്ടിലിങ്ങ് പ്ലാന്റ്, ചേർത്തലയിൽ ഓട്ടോക്കാസ്റ്റുമായി ചേർന്നുള്ള കോച്ചു നിർമ്മാണ ഫാക്ടറി (2007-2008), പാലക്കാട്ട് കോച്ച് ഫാക്ടറി (2008-2009) തിരുവനന്തപുരത്തെ റെയിൽവേ മെഡിക്കൽ കോളേജ് (2009-2010), കൊല്ലത്തെ മെമുഷെഡ്, ആലപ്പുഴ ചേർത്തല വാഗൺ ഫാക്ടറി (2011-2012), കോട്ടയത്തും നേമത്തും കോച്ച് ഡിപ്പോ (2011-2012) എന്നീ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതികളുടെ 2013 ജനുവരിമാസത്തെ സ്ഥിതിയും അനുബന്ധത്തിൽ ഉൾക്കൊള്ളുന്നുണ്ട്. |

സെക്ഷൻഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**